**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2849** **12-07-2022 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിൽ കടലാക്രമണ ഭീഷണി നേരിടാനുള്ള പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ കടലാക്രമണ ഭീഷണി നേരിടുന്നതിന് വകുപ്പ് നടപ്പിലാക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശം അറിയിക്കാമോ; | (എ) | കേരളത്തിൽ രൂക്ഷമായ കടലാക്രമണം നേരിടുന്ന തീരപ്രദേശങ്ങളിൽ ജലസേചന വകുപ്പ് നടത്തിവരുന്ന പദ്ധതികൾക്ക് പുറമെ കിഫ്ബിയുടെ ധനസഹായത്തോടെ ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. മുഖേന ആലപ്പുഴ ജില്ലയിലെ കാട്ടൂർ, അമ്പലപ്പുഴ, പതിയാൻകര, ആറാട്ടുപുഴ, വട്ടച്ചാൽ എന്നീ തീരപ്രദേശങ്ങളിൽ ₹184.04 കോടി രൂപ ചെലവിൽ ചെന്നൈ ഐ.ഐ.ടിയുടെ രൂപകൽപ്പന പ്രകാരം പുലിമുട്ടുകൾ നിർമ്മിച്ച് വരുന്നു.<br><br>ഇതിൽ ആലപ്പുഴ നിയോജക മണ്ഡലത്തിലെ മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ കാട്ടൂരിൽ (Ch.168.465 km to Ch.171.627 km) 3.16 കി. മീറ്റർ നീളത്തിലുള്ള തീരദേശസംരക്ഷണത്തിന് വേണ്ടി 34 പുലിമുട്ടുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ കരാർ തുക ₹49.04 കോടി രൂപയാണ്. ഏകദേശം 75 ശതമാനത്തോളം പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതി കൂടാതെ ചേർത്തല നിയോജകമണ്ഡലത്തിലെ ഒറ്റമശ്ശേരി, ആലപ്പുഴയിലെ കാട്ടൂർ-പൊള്ളേത്തായ്, അമ്പലപ്പുഴയിലെ കാക്കാഴം, ഹരിപ്പാട് മണ്ഡലത്തിലെ വട്ടച്ചാൽ-നല്ലാനിക്കൽ തുടങ്ങിയ ഇടങ്ങളിൽ പുലിമുട്ടുകൾ നിർമിക്കുന്നതിന് ₹78.34 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രദേശങ്ങളിലെ തീരദേശ സംരക്ഷണ പദ്ധതി ടെൻഡർ ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇവയിൽ ഏതെല്ലാം പ്രവൃത്തികളുടെ എസ്റ്റിമേറ്റാണ് ഇനി തയ്യാറാക്കാനുള്ളതെന്നും അവയുടെ | (ബി) | കേരളത്തിൽ രൂക്ഷമായ കടലാക്രമണം നേരിടുന്ന തീരപ്രദേശങ്ങളിൽ ജലസേചന വകുപ്പ് നടത്തിവരുന്ന പദ്ധതികൾക്ക് പുറമെ കിഫ്ബിയുടെ |

| | | | |
|---|---|---|---|
| | ഭരണാനുമതി ലഭിക്കുന്നതിന് സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ? | | ധനസഹായത്തോടെ ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. മുഖേന ആലപ്പുഴ ജില്ലയിലെ കാട്ടൂർ, അമ്പലപ്പുഴ, പതിയാൻകര, ആറാട്ടുപുഴ, വട്ടച്ചാൽ എന്നീ തീരപ്രദേശങ്ങളിൽ ₹184.04 കോടി രൂപ ചെലവിൽ ചെന്നൈ ഐ.ഐ.ടിയുടെ രൂപകൽപ്പന പ്രകാരം പുലിമുട്ടുകൾ നിർമ്മിച്ച് വരുന്നു.<br><br>ഇതിൽ ആലപ്പുഴ നിയോജക മണ്ഡലത്തിലെ മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ കാട്ടൂരിൽ (Ch.168.465 km to Ch.171.627 km) 3.16 കി. മീറ്റർ നീളത്തിലുള്ള തീരദേശസംരക്ഷണത്തിന് വേണ്ടി 34 പുലിമുട്ടുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ കരാർ തുക ₹49.04 കോടി രൂപയാണ്. ഏകദേശം 75 ശതമാനത്തോളം പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതി കൂടാതെ ചേർത്തല നിയോജകമണ്ഡലത്തിലെ ഒറ്റമശ്ശേരി, ആലപ്പുഴയിലെ കാട്ടൂർ-പൊള്ളേത്തായ്, അമ്പലപ്പുഴയിലെ കാക്കാഴം, ഹരിപ്പാട് മണ്ഡലത്തിലെ വട്ടച്ചാൽ-നല്ലാനിക്കൽ തുടങ്ങിയ ഇടങ്ങളിൽ പുലിമുട്ടുകൾ നിർമിക്കുന്നതിന് ₹78.34 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രദേശങ്ങളിലെ തീരദേശ സംരക്ഷണ പദ്ധതി ടെൻഡർ ചെയ്ത് തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ